**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **08-08-2023 - ൽ മറുപടിയ്ക്ക്**

**അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരുങ്കടവിള അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പാസാക്കിയ പ്രമേയം ഉൾപ്പെടെ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പെരുങ്കടവിള അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പാസാക്കിയ പ്രമേയം ലഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിൽ സാധാരണ ഒ.പി. ചികിത്സ മാത്രമാണ് പ്രവർത്തിക്കുന്നത്. (മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പി.റ്റി.എസ്. തസ്തികകളിൽ ഓരോ ജീവനക്കാർ മാത്രം) അഭ്യംഗം, കിഴി, പിഴിച്ചിൽ മുതലായ പഞ്ചകർമ്മ ചികിത്സകൾ ഒ.പി. ചികിത്സയുടെ ഭാഗമായി നടത്തുന്നതിന് നിലവിൽ സ്ഥാപനത്തിൽ കെട്ടിടസൗകര്യമോ മതിയായ ജീവനക്കാരോ ഇല്ല. ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതിന് 1507 സ്ക്വയർ ഫീറ്റ് വരുന്ന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നാഷണൽ ആയുഷ് മിഷനിൽ നിന്നും 30,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2023 ജൂലൈ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിസ്പെൻസറിയിൽ ഒ.പി. പരിശോധന ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | മറുപടി (എ)പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ